(ബി) പ്രസ്തുത പദ്ധതി പ്രകാരം പെൻഷന് അർഹതയുള്ള എത്ര തൊഴിലാളികൾ ഉണ്ടെന്നും കടിശ്ശിക വിതരണം ചെയ്യാൻ എത്ര തുക ആവശ്യമുണ്ടെന്നും വിശദമാക്കാമോ ;

(സി) ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം കടിശ്ശിക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) 2013 ഫെബ്രുവരി മാസം വരെയുള്ള കേരള ദിനേശ് ബീഡി ആശ്വാസ പെൻഷൻ കടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. 2013 മാർച്ച് മാസം മുതൽ 2014 നവംബർമാസം വരെ 21 മാസത്തെ പെൻഷൻ കടിശ്ശിക വിതരണം ചെയ്യാനുണ്ട്.

(ബി) 2780 പേർ കേരള ദിനേശ് ബീഡി ആശ്വാസ പെൻഷന് അർഹരാണ്. ഇവർക്ക് ഒരു മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് 13,90,000-രൂപ ആവശ്യമാണ്. 21 മാസത്തെ കടിശ്ശിക നൽകുന്നതിന് 2,91,90,000-രൂപ ആവശ്യമാണ്.

(സി) കേരള ദിനേശ് ബീഡി തൊഴിലാളി സഹകരണ സംഘത്തിലെ പെൻഷൻകാർക്ക് ആശ്വാസ പെൻഷൻ തുടർന്നും നടപ്പിലാക്കുന്നതിന് ഒരു സ്കീം തയ്യാറാക്കി മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിനായി തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രിയെ 8-5-2013, 31-7-2013 തീയതികളിൽ കൂടിയ മന്ത്രിസഭായോഗം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

അതിവേഗ റെയിൽവേ പദ്ധതി

289(629) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായികവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം-മംഗലാപുരം അതിവേഗ റയിൽവേ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്താണെന്ന് വിശദമാക്കാമോ ;

(ബി) പദ്ധതിക്ക് വേണ്ടിയുള്ള സർവ്വേ എത്ര ശതമാനം പൂർത്തിയാക്കിയിട്ടുണ്ടായിരുന്നു ; ജനരോഷം ഉണ്ടായ ഏതെല്ലാം സ്ഥലത്തിലെ അലൈൻമെന്റിലാണ് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതിക്ക് വേണ്ടി നാളിതുവരെ എത്ര തുക ചെലവായിട്ടുണ്ട്;

(ഡി) പദ്ധതിയുടെ അവശേഷിക്കുന്ന സർവ്വേ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; പദ്ധതിക്കു വേണ്ടി ഇപ്പോൾ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഇ) അതിവേഗ റയിൽവേ നിർമ്മാണത്തിന് പ്രതീക്ഷിക്കുന്ന ചെലവ് എത്ര കോടിരൂപയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഇല്ല. 23-4-2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആറ് മാസത്തിനുള്ളിൽ സർക്കാരിൽ സമർപ്പിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പദ്ധതിയുടെ സർവ്വേ നടപടികൾ DMRC നടത്തിവരുന്നു.

(ബി) പദ്ധതിക്കുവേണ്ടി സർവ്വേ ജോലികൾ ഇതിനകം 60% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സർവ്വേ നടപടികൾ പുരോഗമിച്ച് വരുന്നു. അലൈൻമെന്റിന്റെ കാര്യത്തിൽ അന്തിമ തീരുമാനം ഇതുവരെ എടുത്തിട്ടില്ല. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള പ്രാഥമിക സർവ്വേ നടപടികൾ മാത്രമാണ് ഇപ്പോൾ നടന്നുവരുന്നത്.

(സി) ഈ പദ്ധതിക്ക് നാളിതുവരെ 21.30 കോടി രൂപ ചെലവ് വന്നിട്ടുണ്ട്.

(ഡി) ഉണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23-4-2014-ൽ കൂടിയ യോഗത്തിന്റെ തീരുമാന പ്രകാരം പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നതിനു വേണ്ടിയുള്ള ശേഷിച്ച സർവ്വേ നടപടികൾ DMRC നടത്തിവരുന്നു.

(ഇ) 2011-ലെ കണക്കുപ്രകാരം തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റയിൽവേ പാതയ്ക്ക് 1.2 ലക്ഷം കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly